## ഖുർആൻ മനസ്സുകളിലുള്ള രോഗത്തിന് ശമനമാകുന്നു

അല്ലാഹു പറഞ്ഞു:
മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു.)

[ പരിശുദ്ധ ഖുർആൻ (10:57)]

## ഖുർആൻ പരസ്പര വൈരുധ്യങ്ങളിൽ നിന്ന് മോചിതമാകുന്നു

അല്ലാഹു പറഞ്ഞു:
അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു.

[ പരിശുദ്ധ ഖുർആൻ (4:82) ]

## ഖുർആൻ ഇരുപത്തിനാല് വർഷങ്ങളിൽ പല ഘട്ടങ്ങൾ ആയിക്കൊണ്ടാണ് ഇറക്കപ്പെട്ടത്

അല്ലാഹു പറഞ്ഞു:
നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതികൊടുക്കേണ്ടതിനായി ഖുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു.

[ പരിശുദ്ധ ഖുർആൻ (17:106)]

## ഖുർആനിനെ അനുകരിക്കുവാനോ അനുവർത്തിക്കുവാനോ സാധിക്കുകയില്ല

അല്ലാഹു പറഞ്ഞു:
(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും.

[ പരിശുദ്ധ ഖുർആൻ (17:88)]

## ഖുർആൻ വ്യക്തമായ ഒരു പ്രകാശം ആകുന്നു

അല്ലാഹു പറഞ്ഞു:
മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു.

[ പരിശുദ്ധ ഖുർആൻ (4:174)]

## ഖുർആൻ ഒരു മഹാത്ഭുതം ആകുന്നു

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:
പ്രവാചകന്മാരിൽ തന്റെ ജനത വിശ്വസിച്ചിരുന്ന തരത്തിലുള്ള മഹാത്ഭുതങ്ങൾ നൽകപ്പെടാത്തതായുള്ള ഒരു പ്രവാചകനുമില്ല, എന്നാൽ എനിക്ക് നൽകപ്പെട്ടത്, അല്ലാഹു എനിക്ക് ഇറക്കിത്തന്ന ദൈവികമായ ഉദ്ബോധനം (അതായത് ഖുർആൻ) മാത്രമാണ്."

[ സ്വഹീഹുൽ ബുഖാരി : 4981]

(നമ്മുടെ സഹോദരൻ
അബൂ സുലൈമാൻ ഫൈസൽ ബിൻ അബ്ദിൽഖാദിർ
ഇംഗ്ലീഷിൽ തയ്യാറാക്കിയ ചില ലഘുലേഖകളുടെ
വിവർത്തനമാകുന്നു ഇത്.")



# ഖുർആനിനെ കുറിച്ച് എന്താണ് നിങ്ങൾക്ക് അറിയാവുന്നത്?

വിവർത്തനം:

**അബൂ റയ്യാൻ അബ്ദുല്ലാഹ്**

(അല്ലാഹു അവന് പൊറുത്തു കൊടുക്കുകയും അവന്റെ മാതാപിതാക്കളെ ഇസ്ലാമിലേക്ക് നയിക്കുകയും ചെയ്യട്ടെ)

مركز علوم السنة
MARKAZU ULOOMISSUNNAH

#70 Bisra, Bismillah Road,
Melakkam, Manjeri - 676123, Malappuram, Kerala

T.me/Altadhkira
T.me/uloomussunnah www.uloomussunnah.com




ഇസ്ലാമിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ലഘുലേഖകളിൽ മൂന്നാമത്തേതാകുന്നു ഇത്. യഥാർത്ഥമായ ഇസ്ലാമിനെ ലളിതവും വ്യക്തവുമായ രീതിയിൽ പരിചയപ്പെടുത്തുവാൻ ആണ് ഈ ലഘുലേഖകൾ രൂപീകരിച്ചിട്ടുള്ളത്. ഈ ലഘുലേഖയിൽ, (അല്ലാഹുവിന്റെ അനുമതിയോടെ) ഖുർആനിനെ കുറിച്ച് നിങ്ങൾ പഠിക്കും. ഞാൻ അല്ലാഹുവിനോട് നമ്മെ ഏവരെയും നേർമാർഗ്ഗത്തിലേക്ക് നയിക്കുവാൻ പ്രാർത്ഥിക്കുന്നു, തീർച്ചയായും അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു.

## ഖുർആനിന്റെ നിർവചനം

ഖുർആൻ എന്ന വാക്ക് ഭാഷാപരമായി 'ഖറഅ' എന്ന അടിസ്ഥാന പദത്തിൽ നിന്ന് എടുക്കപ്പെട്ടിട്ടുള്ളതാണ്. അതിന്റെ അർത്ഥം 'സമാഹരണം' എന്നാകുന്നു.

അല്ലാഹു പറഞ്ഞു:
തീർച്ചയായും അതിൻറെ (ഖുർആനിൻറെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക.

[ പരിശുദ്ധ ഖുർആൻ (75:17-18) ]

'ഖുർആൻ' എന്നത്, നബിയായ മുഹമ്മദ് ﷺ യ്ക്ക് ബോധനമായി നൽകപ്പെട്ട പുസ്തകത്തിന് മാത്രമായുള്ള നാമമാണ്. സാങ്കേതികമായി, ഖുർആൻ എന്നത് അല്ലാഹുവിന്റെ സംസാരമാണ്. അത് നബി ﷺ യ്ക്ക് ബോധനമായി നൽകപ്പെട്ടതും, മുസ്ഹഫിൽ ശേഖരിക്കപ്പെട്ടതും, നമ്മിലേക്ക് നിഷേധിക്കപ്പെടുവാൻ അസാദ്ധ്യമായത്ര പരമ്പരകളിലൂടെ ഉദ്ദരിക്കപ്പെട്ടതുമാണ്.

[ ഇർഷാദുൽ ഫുഹൂൽ (പേജ്:118 - 119) നോക്കുക]

## ഖുർആൻ മനുഷ്യവംശത്തിന് മാർഗ്ഗദർശനമാകുന്നു

അല്ലാഹു പറഞ്ഞു:
ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ.

[ പരിശുദ്ധ ഖുർആൻ (2:185) ]

## ഖുർആൻ അല്ലാഹു ഇറക്കിയ മറ്റു ഗ്രന്ഥങ്ങളെ സാക്ഷ്യപ്പെടുത്തുന്നു

അല്ലാഹു പറഞ്ഞു:
(നബിയേ,) നിനക്കിതാ സത്യപ്രകാരം ഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിൻെറ മുമ്പുള്ള ഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.

[ പരിശുദ്ധ ഖുർആൻ (5:48) ]

## ഖുർആൻ അല്ലാഹുവിന്റെ സംസാരമാകുന്നു

അല്ലാഹു പറഞ്ഞു:
ബഹുദൈവവിശ്വാസികളിൽ വല്ലവനും നിൻെറ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിൻെറ സംസാരം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക...

[ പരിശുദ്ധ ഖുർആൻ (9:6) ]

## ഖുർആൻ കാത്തുസൂക്ഷിക്കപ്പെട്ടതാണ്, അതിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയില്ല

അല്ലാഹു പറഞ്ഞു:
തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്.

[ പരിശുദ്ധ ഖുർആൻ (15:9) ]

അല്ലാഹു പറഞ്ഞു:
അവർക്കാണ് ഐഹികജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹുവിൻറെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം.

[ പരിശുദ്ധ ഖുർആൻ (10:64) ]

## ഖുർആൻ ഏറ്റവും നീതിനിഷ്ഠമായതിലേക്കും ശരിയായതിലേക്കും നയിക്കുന്നു

അല്ലാഹു പറഞ്ഞു:
തീർച്ചയായും ഈ ഖുർആൻ ഏറ്റവും നീതിനിഷ്ഠമായതിലേക്കും ശരിയായതിലേക്കും വഴി കാണിക്കുന്നു.

[ പരിശുദ്ധ ഖുർആൻ (17:9) ]

## ഖുർആനിൽ അസത്യമായ യാതൊന്നും പ്രവേശിക്കുകയില്ല

അല്ലാഹു പറഞ്ഞു:
അതിൻറെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവൻെറ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്.

[ പരിശുദ്ധ ഖുർആൻ (41:42) ]